രോഗപരിശോധന നടത്തുന്നതിന് ആ സ്ഥാപനത്തെ ഫീസ് വാങ്ങാൻ അനുവദിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഐ) ഇപ്രകാരം ഈടാക്കുന്ന ഫീസ് പ്രസ്തുത സ്ഥാപനത്തിനാണോ ഗവൺമെന്റിനാണോ ലഭിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയോടു അനുബന്ധിച്ചുള്ള വിഭാഗങ്ങളൊന്നും മറ്റൊരു വിഭാഗത്തിനും കൈമാറിയിട്ടില്ല. എന്നാൽ, രോഗപരിശോധനകൾക്കും ചികിത്സയ്ക്കും ആവശ്യമായ ഏതാനും ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ എച്ച്.ഡി.എസ്. കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. തുടങ്ങിയ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദവിവരങ്ങൾ അനുബന്ധം ഒന്നിൽ† ചേർത്തിരിക്കുന്നു.

(സി) കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ഉള്ള ഒരു ചാരിറ്റബിൾ സൊസൈറ്റി ആയതിനാലാണ് പ്രസ്തുത ചുമതലകൾ ഈ സൊസൈറ്റിക്കു നൽകിയിരിക്കുന്നത്.

(ഡി) മെഡിക്കൽ കോളേജ് വിദ്യാർത്ഥികളുടെ പഠനാവശ്യങ്ങൾക്കും പാവപ്പെട്ട രോഗികൾക്കു സൗജന്യചികിത്സയ്ക്കും ഉതകുന്ന തരത്തിൽ ഈ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തണമെന്ന് നിർദ്ദേശിച്ചു കൊണ്ടാണ് ഈ വിഭാഗങ്ങൾ കൈമാറിയിട്ടുള്ളത്.

(ഇ)-(എഫ്) ഇതുസംബന്ധിച്ച് വിശദവിവരങ്ങൾ അനുബന്ധം രണ്ടിൽ† ചേർത്തിരിക്കുന്നു.

(ജി) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയുടെ ഉപകരണങ്ങൾ ഒന്നും തന്നെ ആർക്കും കൈമാറ്റം ചെയ്തിട്ടില്ല.

(എച്ച്)&(ഐ) ഈ ചോദ്യം പ്രസക്തമല്ല.

മെഡിക്കൽ പി.ജി. കോഴ്സിന് എക്സ് സർവീസ് ഡോക്ടർമാർക്കുള്ള സീറ്റ്

149 (807)ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ ബിരുദാനന്തര ബിരുദകോഴ്സിന് എക്സ് സർവീസ് ഡോക്ടർമാർക്ക് ഇപ്പോഴുള്ള സംവരണ സീറ്റിന്റെ എണ്ണം വർദ്ധിപ്പിക്കണമെന്നആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സൈനിക സേവനത്തിന് ചെറുപ്പക്കാരായ ഡോക്ടർമാരിൽ താൽപ്പര്യം ജനിപ്പിക്കുന്നതിന് പി.ജി. കോഴ്സിന് എക്സ് സർവീസ് ഡോക്ടർമാർക്ക് അർഹമായ സീറ്റുകൾ നീക്കിവയ്ക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

---

† അനുബന്ധം XI (1,2)
1180/2010.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ ഒരു സീറ്റ് നീക്കിവച്ചിട്ടുണ്ട്. അത് വർദ്ധിപ്പിക്കാൻ തൽക്കാലം നിർവ്വാഹമില്ല.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ലാബുകളിൽ ഒഴിവുള്ള തസ്തിക

150 (808)ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ലാബുകളിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു;

(ബി) പ്രസ്തുത തസ്തികകളിൽ നിയമനം നടത്താനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മെഡിക്കൽ കോളേജ് ആശുപത്രിയിൽ രണ്ട് ലാബ് ടെക്നീഷ്യന്മാരുടെയും രണ്ട് ജൂനിയർ ലാബ് അസിസ്റ്റന്റുന്മാരുടെയും എസ്.എ.ടി. ആശുപത്രിയിൽ ഒരു ലാബ് ടെക്നീഷ്യന്റെയും തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്.

(ബി) പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ആട്ടോമാറ്റിക് രക്തപരിശോധന യന്ത്രം

151 (809)ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയുടെ ആവശ്യത്തിന് ഒരു ആട്ടോമാറ്റിക് രക്തപരിശോധന യന്ത്രം വാങ്ങിയിട്ടുണ്ടോ;

(ബി) ഈ യന്ത്രം എന്നാണ് പ്രസ്തുത സ്ഥാപനത്തിലെത്തിയത്;

(സി) മണിക്കൂറിൽ എത്ര രക്തസാമ്പിളുകൾ പരിശോധിക്കുവാൻ ഈ യന്ത്രത്തിനു കഴിയും;

(ഡി) ഈ യന്ത്രം ഇതുവരെ ഉപയോഗിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) ഇതുവരെ ഈ യന്ത്രം ഉപയോഗിച്ച് എത്ര സാമ്പിളുകൾ പരിശോധിച്ചു എന്നറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 19.3.1996-ൽ.

(സി) മണിക്കൂറിൽ 16 (പതിനാറ്) സാമ്പിളുകൾ പരിശോധിക്കുവാൻ ഈ യന്ത്രത്തിനു കഴിയും.

(ഡി) ഈ യന്ത്രം ഉപയോഗിച്ചു വരികയാണ്.

(ഇ) ഈ യന്ത്രം ഉപയോഗിച്ച് ഇതുവരെ ഏകദേശം 5000 (അയ്യായിരം) സാമ്പിളുകൾ പരിശോധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly